
സംഘ്പരിവാറിന്റെ വിശ്വരൂപം-2




# മാധ്യമങ്ങളിലെ നുഴഞ്ഞുകയറ്റം

സദ്റുദ്ദീൻ വാഴക്കാട്

### ജനാധിപത്യ വിരുദ്ധത

**ജനാധിപത്യം,** ഫെഡറലിസം, ബഹുസ്വരത, മതനിരപേക്ഷത, സമത്വം, മനുഷ്യാവകാശം തുടങ്ങിയ മൂല്യങ്ങളെ നിരാകരിക്കുന്നതാണ് സംഘ്പരിവാറിന്റെ ഫാഷിസ്റ്റ് പ്രത്യയശാസ്ത്രം. ദേശീയത്വത്തെയും ദേശസ്നേഹത്തെയും കുറിച്ച് വാതോരാതെ സംസാരിക്കുന്ന സംഘ്പരിവാറിന്റെ പല പ്രവർത്തനങ്ങളും ദേശദ്രോഹപരമാണെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തോട് നിഷേധാത്മക നിലപാടാണവർ സ്വീകരിച്ചത്. സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ട കാലത്ത് രൂപീകരിക്കപ്പെട്ട സംഘ് സംഘടനകൾക്കൊന്നും ബ്രിട്ടീഷ് വിരുദ്ധ സമരം നയിച്ച് സ്വാതന്ത്ര്യസമരത്തിൽ പങ്കാളിത്തം വഹിച്ച ചരിത്രം അവകാശപ്പെടാനില്ല.

സ്വാതന്ത്ര്യാനന്തര ഇന്ത്യക്ക് സംഘ്പരിവാർ നൽകിയ ഒന്നാമത്തെ സംഭാവന തന്നെ ദേശദ്രോഹപരമായ ഒരു കൊലപാതകമായിരുന്നു. സംഘ്പരിവാറിന്റെ പ്രത്യയശാസ്ത്രത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ട്, നാഥുറാം ഗോഡ്സെ രാഷ്ട്രപിതാവും രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി അഹോരാത്രം പണിപ്പെട്ട മഹാത്മാവുമായ ഗാന്ധിജിയെ വെടിവെച്ചുകൊന്നു. തുടർന്ന് ആർ.എസ്.എസ് നിരോധിക്കപ്പെട്ടു. സ്വതന്ത്ര ഇന്ത്യയിൽ ദേശദ്രോഹകുറ്റത്തിന്റെ പേരിൽ ആദ്യം നിരോധിക്കപ്പെട്ടത് സംഘ്പരിവാർ സംഘടനയായ ആർ.എസ്.എസും ആദ്യം ശിക്ഷിക്കപ്പെട്ടത് സംഘ്പ്രവർത്തകരുമാണ്.

**മതേതരത്വത്തെ നിരാകരിക്കുകയും ഏകാത്മക, ആര്യൻ വംശീയ ഹിന്ദുത്വ രാഷ്ട്രത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന വരികൾ സംഘ്പുസ്തകങ്ങളിലും ആർ.എസ്.എസ് ശാഖകളിലെ പ്രാർഥനകളിലും പ്രതിജ്ഞകളിലും ധാരാളം കാണാം.**

ഇന്ത്യൻ ഭരണഘടന, ദേശീയ പതാക, ദേശീയ ഗാനം, സ്വാതന്ത്ര്യ ദിനാചരണം തുടങ്ങിയ വിഷയങ്ങളിലൊക്കെ ദേശസ്നേഹതാൽപര്യത്തിന് വിരുദ്ധമായ നിലപാടാണ് സംഘ്പരിവാറിന്റേത്. ത്രിവർണദേശീയ പതാകയല്ല കാവിക്കൊടിയാണ് അവർ അംഗീകരിക്കുന്നത്. സ്വാതന്ത്ര്യസമര നായകർ രൂപപ്പെടുത്തിയ ദേശീയ പതാകയെ നിരാകരിച്ചുകൊണ്ട് ഗോൾവൾക്കർ എഴുതുന്നു: "രാഷ്ട്രത്തിന് വേണ്ടി നമ്മുടെ നേതാക്കൾ ഒരു പുതിയ പതാകയുണ്ടാക്കി. എന്തിനാണ് അവരങ്ങനെ ചെയ്തത്. അത് ഗ്രഹണത്തിന്റെയും അനുകരണത്തിന്റെയും വിഷയമാണ്. മഹത്വപൂർണമായൊരു ഭൂതകാലമുള്ള, പ്രാചീനവും ശ്രേഷ്ഠവുമായ ഒരു രാഷ്ട്രമാണ് നമ്മുടേത്. അപ്പോൾ നമുക്ക് നമ്മുടേതായ ഒരു പതാക ഉണ്ടായിരുന്നില്ലേ? ഈ ആയിരക്കണക്കിന് വർഷങ്ങളിൽ നമുക്ക് ദേശീയ ചിഹ്ന

## വിദേശ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന പ്രധാന സംഘ്പരിവാർ സംഘടനകൾ

1) സേവാ ഇന്റർനാഷ്നൽ - അമേരിക്ക -SIUS
(ഹിന്ദുത്വ പ്രചാരണം, ഫണ്ടിംഗ്)
2) ഹിന്ദു സേവക് സംഘ് - യു.കെ -HSS-UK
(ആർ.എസ്.എസിന്റെ യു.കെ പതിപ്പ്)
3) വിശ്വഹിന്ദു പരിഷത്ത് - യു.കെ -VHPUK
4) സേവാ ഇന്റർ നാഷ്നൽ - യു.കെ -SIUK
5) ഓവർസീസ് ഫ്രണ്ട്സ് ഓഫ് ഭാരതീയ ജനതാപാർട്ടി -OF BJP
(ബി.ജെ.പിയുടെ വിദേശ രാജ്യങ്ങളിലെ പ്രവർത്തകരുടെ സംഘടന)
6) വിശ്വഹിന്ദു പരിഷത് - അമേരിക്ക -VHPUS
7) ഹിന്ദു സ്റ്റുഡന്റ്സ് കൗൺസിൽ ഓഫ് അമേരിക്ക -HSC America
(അമേരിക്കയിലെ സംഘ്പരിവാർ വിദ്യാർഥി സംഘടന)
8) നാഷ്നൽ ഹിന്ദു സ്റ്റുഡന്റ്സ് ഫോറം യു.കെ -www.nhsf.org.UK
(യു.കെയിലെ വിദ്യാർഥി സംഘടന)
9) ഹിന്ദു സേവികാ സമിതി യു.കെ -HSS UK
(ഹിന്ദു സ്വയം സേവക സംഘത്തിലെ വനിതാ വിഭാഗം)
10) ഇന്ത്യ ഡവലപ്മെന്റ് ആന്റ് റിലീഫ് ഫണ്ട് -IDRF
(സംഘ് പരിവാറിന്റെ പ്രധാന ഫണ്ടിംഗ് ഏജൻസി)
(Exchange of Hate - IDRF and the America Funding of Hindutwa - SC Private Limited Mumbai, SAC Web France)

മുണ്ടായിരുന്നില്ലേ? തീർച്ചയായും നമുക്കുണ്ടായിരുന്നു. പിന്നെന്തുകൊണ്ട് നമ്മുടെ മനസുകളിൽ അങ്ങേയറ്റത്തെ ദൗർബല്യവും ശൂന്യതയും” (Bunch of Thoughts, p. 237,238). ഇന്ത്യൻ ഭരണഘടനയോടുള്ള നിഷേധാത്മക നിലപാടും ഗോൾവൾക്കർ പ്രകടിപ്പിച്ചിട്ടുണ്ട്: “വിവിധ പാശ്ചാത്യരാജ്യങ്ങളുടെ ഭരണഘടനകളിലെ വ്യത്യസ്ത ആർട്ടിക്കിളുകൾ തുന്നിച്ചേർത്തുണ്ടാക്കിയ ക്ലേശകരവും വിജാതീയതയുള്ളതുമായ ഒന്നാണ് നമ്മുടെ ഭരണഘടന. നമ്മുടെ സ്വന്തമെന്ന് വിളിക്കാവുന്ന യാതൊന്നും അതിലില്ല. നമ്മുടെ ദേശീയ ദൗത്യം എന്ത് എന്നതു പോലുള്ള മാർഗനിർദേശങ്ങളെക്കുറിച്ചും അതിൽ ഒരു പരാമർശമെങ്കിലുമുണ്ടോ? ഇല്ല” (Ibid p. 238).

മതേതരത്വത്തെ നിരാകരിക്കുകയും ഏകാത്മക, ആര്യൻ വംശീയ ഹിന്ദുത്വ രാഷ്ട്രത്തെ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന വരികൾ സംഘ്പുസ്തകങ്ങളിലും ആർ.എസ്.എസ് ശാഖകളിലെ പ്രാർഥനകളിലും പ്രതിജ്ഞകളിലും ധാരാളം കാണാം. (ശാഖാദർശിക - ഹിന്ദി ഗ്യാൻഗംഗാ, ജയ്പൂർ 1997. പേജ് 26, അവലംബം: Undoing India the RSS way by Shamsul Islam) ഇന്ത്യയുടേതുപോലുള്ള പാർലമെന്ററി ജനാധിപത്യത്തെയല്ല ഹിറ്റ്ലറുടെയും മുസോളിനിയുടെയും മാതൃകയിലുള്ള ഏകാധിപത്യ ഭരണമാണ് സംഘ്പരിവാർ വിഭാവന ചെയ്യുന്നത്. (SGDS, Vol. 1, p. 11, Vol. 3, p. 70, 128, Bunch of Thoughts, p. 227).

സ്വാതന്ത്ര്യസമരത്തിൽനിന്ന് അകന്നുനിൽക്കുന്ന സമീപനമായിരുന്നു സംഘ്പരിവാറിന്റേത്. ഇന്ത്യയുടെ ബ്രിട്ടീഷ് വിരുദ്ധ സമരത്തിലെ പ്രധാന ഏടുകളായിരുന്ന നിസ്സഹകരണ പ്രസ്ഥാനത്തോടും ക്വിറ്റ് ഇന്ത്യാ സമരത്തോടും നിഷേധാത്മക നിലപാടാണവർ കൈക്കൊണ്ടത്. സ്വാതന്ത്ര്യ സമരത്തിനായി രംഗത്തിറങ്ങാൻ ശ്രമിച്ച വ്യക്തികളെ സംഘ് നേതാക്കൾ പിന്തിരിപ്പിച്ചു. സ്വാതന്ത്ര്യ സമരത്തിനല്ല, ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ പ്രചാരണത്തിനാണ് പ്രവർത്തിക്കേണ്ടതെന്ന് അവരെ ഉപദേശിച്ചു. (ശ്രീ ഗുരുജി സമാഗർ ദർശൻ -ഗോൾവൾക്കർ രചനകളുടെ ഹിന്ദി സമാഹാരം- വാള്യം 4, ഭാരതീയ വാചാർ സാധന, നാഗ്പൂർ, പേജ് 39-41, സംഘ്പരീക്ഷ കേ ബീജ് പേജ്. 24). ബ്രിട്ടീഷ് വിരുദ്ധ സ്വാതന്ത്ര്യ സമരം പ്രതിലോമപരവും വിനാശകരമായ ഫലം സൃഷ്ടിക്കുന്നതുമാണെന്നും ഗോൾവൾക്കർ എഴുതിയിട്ടുണ്ട്. “രാഷ്ട്രത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടിന്റെ അടിസ്ഥാനം രൂപീകൃതമായിട്ടുള്ള ഭൂമിശാസ്ത്രപരമായ ദേശീയതാ വാദത്തെയും സാമാന്യമായ അപകടത്തെയും കുറിച്ചുള്ള സിദ്ധാന്തങ്ങൾ നമ്മുടെ ഹിന്ദുത്വ രാഷ്ട്രത്തിന്റെ ഗുണപരവും പ്രചോദനാത്മകവുമായ ധാരണയെ തകർക്കുന്നതും നിരവധി ‘സ്വാതന്ത്ര്യപ്രക്ഷോഭങ്ങൾ’ വളരാൻ അവസരം ലഭിക്കുന്നവയുമാണ്. അവ പൂർണമായും ബ്രിട്ടീഷ് വിരുദ്ധ പ്രസ്ഥാനങ്ങളാണ്. ബ്രിട്ടീഷ് വിരുദ്ധതയെ ദേശസ്നേഹത്തോടും ദേശീയതാ വാദത്തോടും സമീകരിക്കപ്പെട്ടു. പ്രതിലോമപരമായ ഈ വീക്ഷണം സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ മുഴുവൻ ഗതിയിലും അതിലെ നേതാക്കളിലും സാധാരണക്കാരിലും വിനാശകരമായ ഫലങ്ങൾ സൃഷ്ടിച്ചു” (ഗോൾവൾക്കർ, *വിചാരധാര*, സാഹിത്യസിന്ധു 1996 ബാംഗ്ലൂർ പേജ് 138). ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ രക്തസാക്ഷികളെ അപഹസിച്ച ചരിത്രവും സംഘ്പരിവാറിനുണ്ട്. (Ibid page 283 സംഘ് പരീക്ഷ കേ ബീജ് 21, The Freedom Movement and the RSS: A Story of Betrayal by Shamsul Islam ജോഷി അധികാരി ഇൻസ്റ്റിറ്റ്യൂട്ട് ദൽഹി 1999).

**സ്വന്തമായി മികച്ച ഒരു മാധ്യമ ശൃംഖല സൃഷ്ടിക്കുന്നതിലായിരുന്നില്ല സംഘ്പരിവാറിന്റെ മുഖ്യശ്രദ്ധ. ഇന്ത്യയിലെ സെക്യുലർ സ്വഭാവമുള്ള, മുഖ്യധാരാ മാധ്യമങ്ങളിൽ സമർഥരായ കാവി മസ്തിഷ്കങ്ങളെ തിരുകിക്കയറ്റിക്കൊണ്ടാണ് സംഘ്പരിവാർ മീഡിയാരംഗം തങ്ങളുടെ സ്വാധീനവലയത്തിൽ കൊണ്ടുവന്നത്.**

### പ്രവർത്തന രീതികൾ

സംഘടനാ സംവിധാനങ്ങളിലും പ്രവർത്തനങ്ങളിലും രഹസ്യാത്മകത കാത്തുസൂക്ഷിക്കാൻ സംഘ്പരിവാർ ശ്രദ്ധിക്കുന്നു. രാജ്യത്ത് നടക്കുന്ന ഏതു പ്രശ്നത്തിലും ഏതെങ്കിലുമൊരു സംഘ്സംഘടനയുടെ ഇടപെടൽ ഉണ്ടാകും. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ സംഘ്പരിവാർ നടത്തുന്ന ഇടപെടലുകൾ ലക്ഷ്യങ്ങളല്ല, മാർഗങ്ങളാണ്. ഹിന്ദുത്വ വംശീയ പ്രത്യയശാസ്ത്രത്തിന്റെ പ്രചാരണത്തിനു ലഭിക്കുന്ന ഏതു അവസരവും അവർ സമർഥമായി ഉപയോഗിക്കുന്നു. എന്നുമാത്രമല്ല, ലക്ഷ്യ സാധ്യത്തിനായി ആവശ്യാനുസാരം അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

സംഘ്പരിവാറിന്റെ ഹൃദയവും മസ്തിഷ്കവുമാണ് ആർ.എസ്.എസ്. മറ്റു സംഘടനകൾക്കെല്ലാം കൃത്യമായ അജണ്ടകളോടെ വ്യത്യസ്തമായ മേഖലകൾ

## ഇന്ത്യയിലെ സംഘ് പരിവാർ സംഘടനകൾ

വിവിധ മേഖലകളിൽ വ്യത്യസ്ത സ്വഭാവത്തിൽ പ്രവർത്തിക്കുന്ന നാൽപതിലേറെ സംഘടനകളാണ് സംഘ്പരിവാറിലെ അംഗങ്ങൾ.
പ്രധാനപ്പെട്ട സംഘടനകൾ ഇവയാണ്:
1) രാഷ്ട്രീയ സ്വയം സേവക് സംഘ് -RSS
(സാമൂഹിക സാംസ്കാരിക സംഘടന എന്ന് വിശേഷിപ്പിക്കപ്പെടുന്നു. ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിൽ കാഡർമാരെ വളർത്തിയെടുക്കുന്ന ആർ.എസ്.എസാണ് സംഘ്പരിവാറിന്റെ നട്ടെല്ല്.).
2) വിശ്വഹിന്ദു പരിഷത്ത് -VHP
(ന്യൂനപക്ഷ വിരുദ്ധ പ്രവർത്തനങ്ങൾ, ആക്രമണം).
3) ബജ്റംഗ്ദൾ -BD
(ന്യൂനപക്ഷ വിരുദ്ധ പ്രവർത്തനങ്ങൾ)
4) ഭാരതീയ ജനതാ പാർട്ടി -BJP
(ആർ.എസ്.എസിന്റെ രാഷ്ട്രീയ രൂപം).
5) സേവാഭാരതി -SB
(ജനസേവന വേദി, ധാരാളം സർക്കാർ ഫണ്ടുകൾ കൈക്കലാക്കുന്നു. ദത്തെടുക്കുന്ന കുട്ടികളെ വിദേശത്ത് അയക്കാനുള്ള ലൈസൻസ് ഉണ്ട്).
6) വിദ്യാഭാരതി -VB
(വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മേൽനോട്ടം, പാഠപുസ്തക രചന)
7) ബാലഗോകുലം
(കുട്ടികളുടെ സംഘടന)
8) രാഷ്ട്രോത്ഥാന പരിഷത്ത്
9) രാഷ്ട്രീയ ജാഗരൺ മഞ്ച്
(തീവ്രഹിന്ദുത്വ പ്രചാരണം, മാലേഗാവ്, മൊഡാസ, കാൺപൂർ സ്ഫോടനങ്ങളുടെ സൂത്രധാരകർ).
10) ഹിന്ദുജാഗരൺ മഞ്ച് -HJM
(ന്യൂനപക്ഷങ്ങൾക്കെതിരായ പ്രവർത്തനം)
11) അഖില ഭാരതീയ വിദ്യാർഥി പരിഷത്ത് -ABVP
(വിദ്യാർഥി സംഘടന)
12) അഭിനവ് ഭാരത് സൻസ്ഥാൻ
(ന്യൂനപക്ഷ വിരുദ്ധ പ്രവർത്തനം, മാലേഗാവ് ബോംബ് സ്ഫോടനത്തിന്റെ നേതൃത്വം)
13) ദുർഗാവാഹിനി (http://en.wikipedia.org/wiki/durgavahini)
(ദുർഗാദേവിയുടെ സൈന്യം എന്നർഥം. വി.എച്ച്.പിയുടെ വനിതാവിംഗ്, ന്യൂനപക്ഷങ്ങൾക്കെതിരായ ആക്രമണങ്ങളിൽ പങ്ക്)
14) അഖില ഭാരതീയ ഹിന്ദു മഹാസഭ -ABHM
15) വിശ്വഹിന്ദു മഹാസഭ -VHM
16) രാഷ്ട്രീയ സേവികാ സമിതി -RSS-Women
(വനിതകൾക്കായുള്ള ദേശീയ സംഘടന)
17) ഭാരതീയ ജൻസംഘ് -BJ
18) ഹിന്ദുമുന്നണി -HM, Tamilnadu
(ഹിന്ദു അവകാശ സംരക്ഷണം, ന്യൂനപക്ഷ വിരുദ്ധ കലാപങ്ങളിൽ പങ്കാളിത്തം)
19) ഭാരതീയ മസ്ദൂർ സംഘ് -BMS
(തൊഴിലാളി സംഘടന)
20) ശേത്കാർ ഭാരതീയ
(സഹകരണ സംഘങ്ങളുടെ മേൽനോട്ടം. സർക്കാർ ഫണ്ടുകൾ ധാരാളം ലഭിക്കുന്നു)
21) സ്വദേശി ജാഗരൺ മഞ്ച്
(ദേശീയ വികാര പ്രചാരണം, കോടിക്കണക്കിന് രൂപ സർക്കാർ വകുപ്പുകളിൽനിന്ന് ലഭിക്കുന്നു)
22) ഭാരതീയ കിസാൻ സംഘ്
(കർഷക സംഘടന)
23) ഭാരതീയ വനവാസി കല്യാൺ പരിഷത്ത് -VKP
(ആദിവാസികളെ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യൽ)
24) രാഷ്ട്രീയ സിഖ് സംഘട്ട്
(സിഖുകാർക്കിടയിലെ പ്രവർത്തനം)
25) ശിവസേന
(തീവ്ര ന്യൂനപക്ഷ വിരുദ്ധ സംഘടന)
26) ധർമസൻസദ്
(ഹന്ദുക്കളുടെ പരമോന്നത മതവേദിയെന്ന് വിശേഷിപ്പിക്കപ്പെടുന്ന മതപാർലമെന്റ്)
27) അഖില ഭാരതീയ രാഷ്ട്രീയ ശിക്ഷക് മഹാസംഘ്
(അധ്യാപക സംഘടന)
28) ഭാരതീയ ശിക്ഷാ മണ്ഡൽ
(വിദ്യാഭ്യാസ രംഗം)
29) ദീൻദയാൽ ശോധ്സൻസ്ഥാൻ
(ഗവേഷണ പഠനം)
30) ഭാരത് വികാസ് പരിഷത്ത്
(വികസന പ്രവർത്തനങ്ങൾ)
31) ഭാരതീയ ഇതിഹാസ് സങ്കൽപ യോജന
(ചരിത്രത്തിന്റെ തിരുത്തിയെഴുത്ത്)
32) സൻസ്കൃതി ഭാരതി
(സംസ്കൃത ഭാഷയുടെ പ്രചാരണ വിഭാഗം)
33) സൻസ്കാർ ഭാരതി
(ഹിന്ദുത്വ സംസ്കാര പ്രചാരണം)
34) അഖില ഭരതീയ അധിവക്താ പരിഷത്ത്
(വക്കീലുമാരുടെ സംഘടന)
35) സാമാജിക് സംരസ്താ മഞ്ച്
(സംവരണ വിരുദ്ധ പ്രവർത്തനവേദി)
36) അഖില ഭാരതീയ സാഹിത്യ പരിഷത്
(സാഹിത്യം, ചരിത്രം)
37) പ്രജാഭാരതി
(മതപരമായ വിഷയങ്ങൾ)
38) വിജ്ഞാൻ ഭാരതി
(ശാസ്ത്ര മേഖല)
39) ലഘു ഉദ്യോഗ് ഭാരതി
(ചെറുകിട വ്യവസായകരുടെ സംഘടന- ധാരാളം സർക്കാർ ഗ്രാന്റുകൾ ലഭിക്കുന്നു)
40) പൂർവസൈനിക് സേവാ പരിഷത്ത്
(വിമുക്ത ഭടന്മാരുടെ സംഘടന, സായുധ പരിശീലനത്തിനും മറ്റും ഉപയോഗപ്പെടുത്തുന്നു)
41) ഭാരത് പ്രകാശൻ
(പ്രസിദ്ധീകരണ വിഭാഗം. ഇതുകൂടാതെ മറ്റനേകം പ്രസാധനാലയങ്ങളുമുണ്ട്).
42) അഖില ഭാരതീയ ഗ്രാഹസക് പഞ്ചായത്ത്
-Akhil Bharathiya Grahasak Panchayath
(പരമവൈഭവ് കെ. പാദ്പർ - ദാമോദർ സപ്രേ സരുചിപ്രകാശൻ, ദൽഹി 1997, Wikipedia Free Encyclopedia - Sang Parivar, Undoing India the RSS Way by Shamsul Islam)

നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്. ഈ സംഘടനകളിൽ പ്രത്യക്ഷത്തിൽ ആർ.എസ്.എസിനോട് ബന്ധമുള്ളവയും സംഘ്പരിവാറിന്റെ ഭാഗമെന്ന് തിരിച്ചറിയപ്പെടുന്നവയും ഉണ്ട്. എന്നാൽ ചില സംഘടനകൾക്ക് പ്രത്യക്ഷത്തിൽ സംഘ്പരിവാർ ബന്ധമുണ്ടെന്ന് പെട്ടെന്ന് മനസ്സിലാവുകയില്ല. അതുകൊണ്ടുള്ള പ്രധാനനേട്ടം, ഏതെങ്കിലുമൊരു സംഘ് സംഘടന തങ്ങളുടെ ചെയ്തികൾ കാരണം സമൂഹത്തിനു മുമ്പിൽ പ്രതിക്കൂട്ടിലായാൽ ആ സംഘടനയുമായി തങ്ങൾക്ക് ബന്ധമില്ലെന്ന് സംഘ്പരിവാറിന് പ്രഖ്യാപിക്കാൻ സാധിക്കുന്നു. ഇങ്ങനെ ആവശ്യാനുസാരം തള്ളുകയും കൊള്ളുകയും ചെയ്യാവുന്ന വിധത്തിലുള്ള സംഘടനാ സംവിധാനമാണ് ചില പോഷക സംഘടനകളുടെ കാര്യത്തിൽ സംഘ്പരിവാറിനുള്ളത്.

ഗാന്ധി ഘാതകനായ ഗോഡ്സെയും കൂട്ടാളികളും തങ്ങളുടെ പ്രവർത്തകരല്ലെന്ന് ആർ.എസ്.എസ് പരസ്യമായി തള്ളിപ്പറഞ്ഞു. എന്നാൽ അവരെ അംഗീകരിക്കാനോ ന്യായീകരിക്കാനോ ഒട്ടും മടികാണിക്കുന്നുമില്ല. ഇന്നും ഗോഡ്സെയുടെ ക്രൂരതയെ അവർ അപലപിക്കാറില്ല. 1990-കളിൽ ക്രിസ്ത്യാനികൾക്കെതിരെ ആക്രമണം അഴിച്ചുവിട്ട ഹിന്ദുജാഗരൺ മഞ്ചിനെതിരെ രാജ്യമൊന്നാകെ രംഗത്തുവന്നപ്പോൾ എച്ച്.ജെ.എമ്മുമായി ബന്ധമില്ലെന്ന് ആർ.എസ്.എസ് പറഞ്ഞു. സ്വാമിനി പ്രജ്ഞാസിംഗിന്റെ നേതൃത്വത്തിൽ അഭിനവ് ഭാരത് മാലേഗാവിലും മറ്റും നടത്തിയ ഭീകരാക്രമണങ്ങൾ പുറത്തുവന്നപ്പോൾ അവർക്ക് ആർ.എസ്.എസ് ബന്ധമില്ലെന്ന് പ്രഖ്യാപിച്ചു. എന്നാൽ പ്രജ്ഞാസിംഗിനുവേണ്ടി വാദിക്കാനും ഭീകരാക്രമണത്തെ ന്യായീകരിക്കാനും അദ്വാനിയും മറ്റുപല സംഘ്പരിവാർ നേതാക്കളും പരസ്യമായി രംഗത്തുവരികയുണ്ടായി. വി.എച്ച്.പി, ബജ്റംഗ്ദൾ, ധർമസൻസദ് തുടങ്ങി

യവക്കൊക്കെ എതിരെ ജനവികാരം ഉയർന്നപ്പോഴും അവയുമായി ബന്ധമില്ലെന്ന് ആർ.എസ്.എസ് പ്രസ്താവന ഇറക്കുകയുണ്ടായി. (Undoing India the RSS Way by Shamsul Islam). കർണാടകയിൽ ഫാഷിസ്റ്റ് ആക്രമണങ്ങൾ നടത്തിയ ശ്രീരാമസേനയുമായി ബന്ധമില്ലെന്ന് പ്രഖ്യാപിച്ച സംഘ്പരിവാർ പക്ഷേ, അവരെ ന്യായീകരിക്കാനും സംരക്ഷിക്കാനും ഒളിഞ്ഞും തെളിഞ്ഞും രംഗത്തു വന്നതും നാം കണ്ടു.

### വിദ്യാഭ്യാസം, മീഡിയ

വിദ്യാഭ്യാസ രംഗത്താണ് സംഘ്പരിവാറിന്റെ മുഖ്യശ്രദ്ധ. തങ്ങളുടെ പ്രത്യയശാസ്ത്രം സിരകളിലോടുന്ന ഭാവിതലമുറയെ സൃഷ്ടിച്ചെടുക്കാനാവശ്യമായ ഇടപെടലുകൾ വിദ്യാഭ്യാസ രംഗത്ത് അവർ നടത്തിക്കൊണ്ടിരിക്കുന്നു. വിവിധ വിദ്യാഭ്യാസ ഏജൻസികൾക്കു കീഴിലായി ആയിരക്കണക്കിന് സ്കൂളുകളുണ്ട് സംഘ്പരിവാറിന് ഇന്ത്യയിലുടനീളം. അവയിൽ നടപ്പിലുള്ള കരിക്കുലവും പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ പോലും ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിലധിഷ്ഠിതമാണ്. ചരിത്രത്തിന്റെ തിരുത്തിയെഴുത്ത്, പാഠപുസ്തകങ്ങളുടെ കാവിവൽക്കരണം, ഔദ്യോഗിക വിദ്യാഭ്യാസ മേഖലകളിലേക്കുള്ള നുഴഞ്ഞുകയറ്റം, അധ്യാപക സംഘടനകൾ, ആദിവാസി മേഖലകളിലെ ഏകൽ വിദ്യാലയങ്ങൾ തുടങ്ങി വിദ്യാഭ്യാസ രംഗത്തെ ദീർഘകാലാധിഷ്ഠിത പദ്ധതികൾ ഞെട്ടിക്കുന്നതാണ്.

ഭരണനിർവഹണം (Bureaucracy), മാധ്യമരംഗം എന്നിവയാണ് തൊട്ടടുത്ത സ്ഥാനത്ത് നിൽക്കുന്നത്. സിവിൽ സർവീസ് ഉൾപ്പെടെ ഇന്ത്യയിലെ പ്രധാനപ്പെട്ട ഗവൺമെന്റ് ഉദ്യോഗമേഖലകളിലും മുഖ്യധാരാ മാധ്യമങ്ങളിലും സമർഥമായി നുഴഞ്ഞുകയറാൻ സംഘ്പരിവാറിന് സാധിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ സജീവമാകുന്നതിനു മുമ്പ് സംഘ്പരിവാർ ശ്രദ്ധിച്ചത് ഈ രംഗങ്ങളിലാണ്. പാർലമെന്റാണ് ബ്യൂറോക്രസിക്കു മുകളിൽ നിൽക്കുന്നതെങ്കിലും യഥാർഥത്തിൽ ഭരണനിർവഹണവും കാര്യങ്ങളുടെ നിയന്ത്രണവും ബ്യൂറോക്രസിയാണ് കൈയാളുന്നത്. ഇതുമനസ്സിലാക്കിയായിരുന്നു സംഘ്പരിവാറിന്റെ നീക്കം. ഒന്നാംസ്ഥാനം നൽകിയ വിദ്യാഭ്യാസ പദ്ധതികളിലൂടെ വളർത്തിയെടുത്ത സംഘ് കാഡർമാരും ഹിന്ദുത്വത്തോട് ആഭിമുഖ്യം പുലർത്തുന്നവരുമായ ആളുകളെ പ്രധാന തസ്തികകളിലെല്ലാം അവർ കുടിയിരുത്തിയിട്ടുണ്ട്. സംഘ്പദ്ധതികൾ വിജയിപ്പിക്കുന്നതിൽ ഇവർ വലിയ പങ്കുവഹിക്കുന്നു. സർക്കാർ പദ്ധതികൾ സംഘ്പരിവാറിന്റെ താൽപര്യങ്ങൾക്കനുസൃതമായി നടപ്പിലാക്കുക, ഗവൺമെന്റ് ഫണ്ടുകൾ സംഘ് സംഘടനകൾക്ക് ലഭ്യമാക്കുക, ന്യൂനപക്ഷാനുകൂല സർക്കാർ പദ്ധതികൾ തടയുക, ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങളുടെ സംവരണം അട്ടിമറിക്കുക, മതന്യൂനപക്ഷങ്ങളുടെ വളർച്ച തടയുകയും അവരെ പ്രയാസപ്പെടുത്തുകയും ചെയ്യുന്ന രീതിയിൽ ഇടപെടലുകൾ നടത്തുക തുടങ്ങി ബ്യൂറോക്രസിക്ക് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി അവർ ചെയ്യുന്നു. പോലീസിലും സൈന്യത്തിലുമുള്ള സംഘ്സ്വാധീനമാണ് ന്യൂനപക്ഷ വിരുദ്ധ കലാപങ്ങളിലും ന്യൂനപക്ഷ വിഭാഗങ്ങളെ കുറ്റകൃത്യങ്ങളുടെ പേരുപറഞ്ഞ് വേട്ടയാടുന്ന സന്ദർഭങ്ങളിലും പ്രകടമാകുന്നത്. വർഗീയ കലാപങ്ങളിൽ സംഘ്പരിവാറിനോടൊപ്പം പരസ്യമായി പങ്കാളികളാകാൻ തയാറാകുന്ന പോലീസ് സംഘ്പരിവാറിന്റെ ആസൂത്രിതമായ സൃഷ്ടിയാണ്. മാലേഗാവ് സ്ഫോടനത്തോടെ പുറത്തുവന്ന സൈന്യത്തിലെ കാവിവൽക്കരണം ഇനിയും ഗൗവരത്തോടെ ചർച്ച ചെയ്യപ്പെട്ടിട്ടില്ല.

2008-ൽ ഒറീസയിൽ ക്രിസ്ത്യാനികൾക്കെതിരെ നടത്തിയ ആക്രമണങ്ങളാണ് ഒറീസയിലെ സംഘ്പരിവാർ പ്രവർത്തനങ്ങൾ വ്യാപകമായി ചർച്ചചെയ്യപ്പെടാൻ ഇടയാക്കിയത്. എന്നാൽ അതിനു മുമ്പേ ഒറീസയിൽ നിശ്ശബ്ദമായി നടന്നുകൊണ്ടിരുന്ന കാവിവൽക്കരണം ഒറീസയിലെ സിവിൽ സർവീസിന്റെ ഓരോ കോശത്തിലും പിടിമുറുക്കിയിട്ടുണ്ട്. വിദ്യാഭ്യാസം, തൊഴിൽ, റവന്യൂവകുപ്പുകളും കാവിയിൽ മുക്കിയെടുത്തിരിക്കുന്നു. അധ്യാപക നിയമനത്തെയും അധ്യാപക യൂനിയനുകളെയും അവർ നിയന്ത്രിക്കുന്നു. യൂനിവേഴ്സിറ്റി പ്രഫസർമാരെ നിയമിക്കുന്നതും സംഘ്പരിവാർ താൽപര്യപ്രകാരമാണ്. റവന്യൂ വകുപ്പുവഴി ജില്ലാ ഭരണസംവിധാനം കൈപിടിയിലാക്കിയിട്ടുണ്ട്. ക്രിസ്ത്യൻ വിരുദ്ധ ആക്രമണം നടന്ന കാണ്ഠമാലിലെ പ്രശ്നപരിഹാരത്തിനായുള്ള നിർദേശങ്ങളിൽ പ്രധാനപ്പെട്ടത് കലക്ടർ മുതൽ കോൺസ്റ്റബ്ൾ മാർ വരെയുള്ളവരെ സ്ഥലം മാറ്റുകയെന്നതായിരുന്നു. ഇതിൽനിന്നുതന്നെ കാവിവൽക്കരണത്തിന്റെ ആഴം മനസ്സിലാക്കാം.

മാധ്യമരംഗമാണ് മറ്റൊന്ന്. സ്വന്തമായി മികച്ച ഒരു മാധ്യമ ശൃംഖല സൃഷ്ടിക്കുന്നതിലായിരുന്നില്ല സംഘ്പരിവാറിന്റെ മുഖ്യശ്രദ്ധ. ഇന്ത്യയിലെ സെക്യുലർ സ്വഭാവമുള്ള, മുഖ്യധാരാ മാധ്യമങ്ങളിൽ സമർഥരായ കാവി മസ്തിഷ്കങ്ങളെ തിരുകിക്കയറ്റിക്കൊണ്ടാണ് സംഘ്പരിവാർ മീഡിയാരംഗം തങ്ങളുടെ സ്വാധീനവലയത്തിൽ കൊണ്ടുവന്നത്. അതിലവർ ഏറക്കുറെ വിജയിച്ചിരിക്കുന്നുവെന്നാണ് മാധ്യമ നിലപാടുകളിൽനിന്ന് തെളിയുന്നത്. ഇന്ത്യയിലെ മുഖ്യധാരാ പത്രങ്ങളുടെയും ചാനലുകളുടെയും എഡിറ്റോറിയൽ ഡസ്കുകളിൽ സംഘ്പരിവാറിന്റെ പ്രവർത്തകർ കയറിപ്പറ്റിയിരിക്കുന്നു. സംഘ്പരിവാറിന്റെ പത്രങ്ങളിലും ചില മുഖ്യധാരാ പത്രങ്ങളിലും വരുന്ന വാർത്തകളുടെയും വിശകലനങ്ങളുടെ ഉള്ളടക്കം - ചിലപ്പോൾ തലക്കെട്ടുകളും വാചകങ്ങളും പോലും - സമാനമാകുന്നത് കാണാം. തീവ്രവാദം, ഭീകരത, മതചടങ്ങുകൾ, നിയമങ്ങൾ, മതവുമായി ബന്ധപ്പെട്ട വിവാദങ്ങൾ തുടങ്ങിയവയിലെല്ലാം പത്രങ്ങളും ചാനലുകളും സ്വീകരിക്കുന്ന മുസ്‌ലിം വിരുദ്ധ നിലപാടുകൾ മീഡിയാ രംഗം കാവിവൽക്കരിക്കപ്പെട്ടതിന്റെ കൂടി തെളിവാണ്. മലയാളത്തിലെ പല മുഖ്യധാരാപത്രങ്ങളുടെയും ചാനലുകളുടെയും എഡിറ്റേഴ്സ് ഡസ്കുകളിൽ സംഘ്പരിവാർ പ്രവർത്തകരുണ്ടെന്ന് പറയപ്പെടുന്നു.

(അവസാനിച്ചു)

sadarvzkd@yahoo.co.in

**സ്വാമിനി പ്രജ്ഞാസിംഗിന്റെ നേതൃത്വത്തിൽ അഭിനവ് ഭാരത് മാലേഗാവിലും മറ്റും നടത്തിയ ഭീകരാക്രമണങ്ങൾ പുറത്തുവന്നപ്പോൾ അവർക്ക് ആർ.എസ്.എസ് ബന്ധമില്ലെന്ന് പ്രഖ്യാപിച്ചു. എന്നാൽ പ്രജ്ഞാസിംഗിനുവേണ്ടി വാദിക്കാനും ഭീകരാക്രമണത്തെ ന്യായീകരിക്കാനും അദ്വാനിയും മറ്റുപല സംഘ്പരിവാർ നേതാക്കളും പരസ്യമായി രംഗത്തുവരികയുണ്ടായി.**